LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാനത്ത് വരൾച്ച നേരിടാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ

22 [185] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
" പി. ജയരാജൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ച അതിരൂക്ഷമായി നേരിട്ട പ്രദേശങ്ങളിൽ സ്ഥായിയായ പരിഹാരത്തിന് മറ്റു സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടുന്ന നടപടിയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) വരൾച്ചയെ നേരിടാൻ മറ്റു സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് സ്വീകരിക്കേണ്ടുന്ന അടിയന്തിര പ്രാധാന്യമുള്ള സംഗതികൾ എന്തൊക്കെയാണ്;

(സി) ഇക്കഴിഞ്ഞ വരൾച്ചാക്കാലത്ത് തമിഴ്നാട് സർക്കാരുമായി എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടി സർക്കാർ പ്രതിനിധികൾ ചർച്ച നടത്തുകയുണ്ടായി;

(ഡി) വരൾച്ചയിൽ നിന്ന് ആശ്വാസം നൽകാൻ തമിഴ്നാട് സർക്കാർ എന്തെല്ലാം കാര്യത്തിൽ അനുകൂല നടപടികൾ കൈക്കൊള്ളുകയുണ്ടായി?

### ഉത്തരം

(എ) ഉണ്ട്.

(ബി) കരാറനുസരിച്ച് നമുക്കർഹമായ ജലം യഥാസമയം നൽകാനുള്ള തീരുമാനം പ്രാവർത്തികമാക്കുക എന്നുള്ളത് അടിയന്തിര പ്രാധാന്യമുള്ള കാര്യമായി കരുതുന്നു.

(സി) 2004 ജനുവരി 3-ന് കേരളവും തമിഴ്നാടും തമ്മിൽ നടന്ന ഉദ്യോഗസ്ഥ തലവൽ ചർച്ചയിലും ജനുവരി 4-ാം തീയതി നടന്ന മന്ത്രിതല ചർച്ചയിലും പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നും മണക്കടവ് മുതൽ മൂലത്തറവരെ നിലവിലുള്ള അനധികൃത പമ്പിങ്ങ് നിർത്തലാക്കാൻ നടപടി സ്വീകരിക്കണമെന്നും കേരളം ആവശ്യപ്പെടുകയുണ്ടായി. കൂടാതെ പറമ്പിക്കുളം ഡാമിലെ ഡെഡ് സ്റ്റോറേജിൽ നിന്നും ഒരു ടി.എം.സി. ജലം പമ്പ് ചെയ്ത് മണക്കടവ് വിയറിൽ കേരളത്തിന് ലഭിക്കണമെന്ന് കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയുണ്ടായി.

(ഡി) കുറച്ചു ജലം ലഭ്യമായെങ്കിലും കരാർപ്രകാരം അർഹതപ്പെട്ട ജലം മുഴുവൻ തമിഴ്നാട് ഗവൺമെന്റ് ലഭ്യമാക്കിയില്ല.